# Malayala Manorama

# 18 August 2018

# Kodamangalam, Idamalayar Dam, Bhoothathankettu Dam, Water Level Decreased



## ഇടമലയാറിലും ഭൂതത്താൻകെട്ടിലും ജലനിരപ്പ് താഴുന്നു

കോതമംഗലം ● ഇടമലയാർ, ഭൂതത്താൻകെട്ട് അണക്കെട്ടുകളിലെ ജലനിരപ്പ് താഴുന്നു. ഇടമലയാറിൽ 168.54 മീറ്ററായും ഭൂതത്താൻകെട്ടിൽ 34.1 മീറ്ററായും ജലവിതാനം താഴ്ന്നു. ഭൂതത്താൻകെട്ട് അണക്കെട്ടിന്റെ പരമാവധി സംഭരണശേഷി 35 മീറ്ററാണ്. ഇടമലയാറിലേത് 169 മീറ്ററും. ഇടമലയാറിൽ നിന്നു പുറത്തേക്ക് ഒഴുക്കുന്ന വെള്ളത്തിന്റെ അളവ് 1400 ഘനമീറ്ററിൽ നിന്ന് ആയിരമാക്കി കുറച്ചു.

ഇടമലയാർ, ഇടുക്കി അണക്കെട്ടുകളിൽ നിന്നുള്ള വെള്ളവും കനത്തമഴയും കാരണം കഴിഞ്ഞദിവസം ഭൂതത്താൻകെട്ട് സംഭരണിയിലെ ജലനിരപ്പ് 35.8 മീറ്റർ വരെ എത്തിയത് ആശങ്ക ഉണർത്തിയിരുന്നു. ഇന്നലെ ജലവിഭവ വകുപ്പ് പ്രോജക്ട് ചീഫ് എൻജിനീയർ ടി.ജി. സെന്നും മെക്കാനിക്കൽ ചീഫ് എൻജിനീയർ വി.ജെ. ഷാജിയും ഭൂതത്താൻകെട്ട് അണക്കെട്ട് സന്ദർശിച്ചിരുന്നു. അണക്കെട്ടിൽ കൂടുതൽ വെള്ളം ഒഴുകിയെത്തിയാൽ വലതുകരയിൽ നിർമാണത്തിലുള്ള മിനി ജലവൈദ്യുത പദ്ധതിയുടെ പവർ കനാൽ വഴി വെള്ളം ഒഴുക്കുന്നതു സംബന്ധിച്ചു പഠിക്കുന്നതിനു വേണ്ടിയായിരുന്നു ചീഫ് എൻജിനീയർമാരുടെ സന്ദർശനം.